ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/10333/2025-EA2 (EA)** തീയതി: **29-11-2025**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സേവനാവകാശവുമായി ബന്ധപ്പെട്ട ബോർഡ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- **1.സർക്കാർ കത്ത് നം.K3/232/2025-HEDN തീയതി:20.11.2025.**

സേവനാവകാശ നിയമത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് മതിയായ അവബോധം ഇല്ലാത്തതിനാൽ സേവനാവകാശ നിയമം പൊതുജനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്നും, പ്രസ്തുത നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ് എന്നും കേരള നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-23) യുടെ 6 ആംമത് റിപ്പോർട്ടിലെ ഖണ്ഡിക നം.22 പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത നിയമം കൂടുതൽ പോതുജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 'സേവനം നിങ്ങളുടെ അവകാശമാണ് ' എന്ന ബോർഡ് വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലും സ്ഥാപിക്കുവാനും, പൊതുജനങ്ങൾക്ക് ബോധ്യമാകുംവിധം സേവനാവകാശ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സംക്ഷിപ്ത രൂപത്തിൽ പ്രദർശിപ്പിക്കേണ്ടതാണ് എന്നും ഇതോടൊപ്പം അറിയിക്കുന്നു.

**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Jayaprakash P
Date: 29-11-2025 14:04:44